**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3057** **25-06-2024 - ൽ മറുപടിയ്ക്ക്**

**ട്രോളിംഗ് നിരോധന സമയത്തെ ഉപജീവനപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ട്രോളിംഗ് നിരോധന കാലയളവുകളിൽ മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനത്തിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും അനുവദിച്ച തുകയും എത്ര തുക ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചുവെന്നും എത്രപേർക്ക് എത്ര ദിവസത്തെ ഉപജീവനം നൽകുവാൻ സാധിച്ചുവെന്നും വർഷം തിരിച്ച് വ്യക്തമാക്കാമോ? | (എ) | മത്സ്യബന്ധന മേഖലയിൽ ട്രോളിംഗ് നിരോധന കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യതൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകി വരുന്നുണ്ട്. ഈ വർഷവും സൗജന്യ റേഷൻ നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. സൗജന്യ റേഷൻ നൽകുന്നതിനാവശ്യമായ നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചിട്ടുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻ കീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യതൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ ധനസഹായം നൽകിവരുന്നുണ്ട്. ഇതിൽ 1500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും, 1500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും, 1500/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ആയതിൽ മേയ് മാസം നൽകേണ്ടതായ 1500 രൂപ അനുവദിക്കുകയും ജില്ലകളിൽ ആയത് വിതരണം ചെയ്തു വരുകയും ചെയ്യുന്നു. ബാക്കി തുക ജൂൺ, ജൂലൈ മാസങ്ങളിലായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം അനുവദിച്ച തുക, ചെലവഴിച്ച തുക, ഗുണഭോക്താക്കളുടെ എണ്ണം എന്നീ വിവരങ്ങൾ അനുബന്ധം 1- ആയി ചേർക്കുന്നു.<br><br>കൂടാതെ സംസ്ഥാന സർക്കാർ കേരളത്തിലെ മത്സ്യത്തൊഴിലാളി/ അനുബന്ധ മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന, സാമ്പത്തിക സഹായ പദ്ധതിയാണ് 'തണൽ' പദ്ധതി. ഫിഷറീസ്-തൊഴിൽ വകുപ്പുകളുടെ സംയുക്ത |

| | | | |
|---|---|---|---|
| | | | സംരംഭമായ ഈ പദ്ധതി പ്രകാരം FIMS ൽ എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധത്തൊഴിലാളികൾക്കും 1000/- രൂപ പ്രതിവർഷം പഞ്ഞമാസത്തിൽ ധനസഹായം നൽകുന്നു. ഈ സർക്കാരിന്റെ കാലയളവിൽ വിനിയോഗിച്ച തുകയുടെ വിവരങ്ങൾ അനുബന്ധം 2- ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u> –1**

| സാമ്പത്തിക വർഷം | ബഡ്ജറ്റിൽ വകയിരുത്തിയ തുക + AA | ചെലവഴിച്ച തുക (50% സംസ്ഥാന സർക്കാർ വിഹിതം + 50% കേന്ദ്ര സർക്കാർ വിഹിതം) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 2021–22 | 25,51,40,000/- | 51,02,70,000/- | 1,79,316 |
| 2022–23 | 35,00,00,000/- | 52,72,50,000/- | 1,83,541 |
| 2023–24 | 54,00,00,000/- | 43,09,40,000/- | 1,58,002 |
| 2024–25 | 44,00,00,000/- | 21,87,85,000/- രൂപ നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. തുക വിതരണം ചെയ്ത് വരുന്നു | 1,56,042 |

**<u>അനുബന്ധം-2</u>**

| **സാമ്പത്തിക വർഷം** | **തൊഴിൽ വകുപ്പിൽ നിന്നും ലഭ്യമായി വിനിയോഗിച്ച തുക** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|---|
| 2021-22 | 4,05,34,000/- | 40,534 |
| 2022-23 | 5,00,00,000/- | 50,000 |
| 2023-24 | 10,06,29,971/- | 1,00,630 |